LIBRARY ARCHIVES Kerala Legislative Assembly

കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പുഴയോര പാർക്ക്

353(3278) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ മലപ്പുറം-പരപ്പനങ്ങാടി റോഡിൽ കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുഴയോര പാർക്കിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പുഴയോരപാർക്കിനുള്ള ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തിയുടെ 30% പണികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി&സി) നിലവിലുണ്ടായിരുന്ന വലിയ ഓവ് പാലം ഇരുവശത്തേക്കും വീതികൂട്ടി കൈവരികൾ നിർമ്മിക്കുകയും, റോഡ് വീതികൂട്ടി ബി.എം & ബി.സി ചെയ്യാനും, ഫുട്പാത്ത് നിർമ്മിക്കാനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

തൃക്കടാരിപ്പൊയിൽ-ഇട്ടമ്പ-കണ്ണവം റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

354(3279) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ- ഇട്ടമ്പ-കണ്ണവം റോഡുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കോടതി വ്യവഹാരങ്ങൾ തീർപ്പാക്കി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) W.A No.1912/2013-ൽ ബഹു. കേരള ഹൈക്കോടതി 2-2-2014-ൽ പുറപ്പെടുവിച്ച വിധി, SLPC No.19380/2014-ൽ ബഹു. സുപ്രീം കോടതി 25-8-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. ഈ കേസ് 8-12-2014-ൽ വീണ്ടും പരിഗണിക്കുന്നതാണ്.

(ബി) ഇതു സംബന്ധിച്ച കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമവിധി വന്നതിനുശേഷം മാത്രമേ ഇടർ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് 21-8-2014-ന് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക അറ്റകുറ്റപ്പണികൾക്കായി തയ്യാറാക്കിയിട്ടുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമം സ്വീകരിച്ചു വരുന്നു.

പുലക്കാട്ട് കടവുപാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ

355(3280) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിൽ പുലക്കാട്ട് കടവുപാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പാലം നിർമ്മാണത്തിന്റെ മുന്നോടിയായ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി വരുന്നു.

കുഞ്ഞുപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ 2-ാം ഘട്ടപ്രവർത്തികൾ

356(3281) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കുഞ്ഞുപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിൽ 2-ാം ഘട്ട പ്രവർത്തികൾ (കൃത്രിമ തടാകം) ഭരണാനുമതി ലഭിച്ചിട്ട് മാസങ്ങൾ ആയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly